**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** **23-01-2025 - ൽ മറുപടിയ്ക്ക്**

**കല്ലട ജലസേചന പദ്ധതിയുടെ കനാൽ ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | വരൾച്ചയുടെ ദുരിതം രൂക്ഷമായനുഭവിക്കുന്ന മൂന്നു ജില്ലകളിലെ തൊണ്ണൂറ്റിരണ്ട് ഗ്രാമങ്ങളിൽ കൃഷിയ്ക്കായി ജലമെത്തിക്കുന്ന കല്ലട ജലസേചന പദ്ധതിയുടെ കനാലുകളിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്തുകൾ നടത്തിയിരുന്ന ശുചീകരണം നിലവിൽ നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ, കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് പദ്ധതി കേരളത്തിൽ നടപ്പാക്കി വരുന്നത്. ഇറിഗേഷൻ കനാലുകളിലെ ശുചീകരണ പ്രവൃത്തികൾ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളാണെന്ന സാഹചര്യത്തിൽ ശുചീകരണ പ്രവൃത്തികൾ മാത്രമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| (ബി) | കെ.ഐ.പി. കനാൽ ശുചീകരണം ആവർത്തനസ്വഭാവമുള്ള പ്രവർത്തനമാണെന്നുകാട്ടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകാറില്ല എന്നതിനാൽ ഗ്രാമപ്പഞ്ചായത്ത് തലത്തിൽ മറ്റേതെങ്കിലും പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന ഈ ജലസേചന പദ്ധതിയുടെ ശുചീകരണ പ്രവർത്തി നടത്തുവാനാകുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതോ ഉടമസ്ഥതയിലുള്ളതോ ആയ ജലസേചന കനാലുകളും അതിനോട് ചേർന്നുള്ള ഭൂമിയിലും മാത്രമേ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികൾ നടത്തുവാൻ സാധിക്കുകയുള്ളൂ. അടിയന്തിര സാഹചര്യങ്ങളിൽ, തനത് ഫണ്ട്, വികസന ഫണ്ട് മുതലായവ ഉപയോഗിച്ച് അനുവദനീയമായ ശുചീകരണ പ്രവൃത്തികൾ ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവർത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാവർഷവും നടത്തുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയിൽ കൊണ്ടുവന്ന് പ്രത്യേക അനുവാദം നൽകാനാകുമോ; ആയതിനുള്ള തുടർനടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ? | (സി) | തൊഴിലുറപ്പ് പദ്ധതി കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് നടപ്പാക്കേണ്ടത് എന്നതിനാൽ കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനുവാദം നൽകാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ